REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ആഫ്രിക്കൻ രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി അംഗോളയിലെ ലുവാണ്ടയിലെത്തി.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഡെറാഡൂണിൽ 8,000 കോടിയിൽ പരം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.**
- **ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് രണ്ടാം ഘട്ടത്തിന്റെ പരസ്യപ്രചാരണം വൈകിട്ട് സമാപിക്കും.**
- **തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൽ സംസ്ഥാനത്ത് 47 ലക്ഷത്തോളം വോട്ടർമാർക്ക് എന്യൂമറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ Dr. രത്തൻ U ഖേൽക്കർ.**
- **പാലക്കാട് പുരോഗമിക്കുന്ന സംസ്ഥാന ശാസ്ത്രോത്സവത്തിൽ 386 പോയിന്റുമായി മലപ്പുറം ഒന്നാം സ്ഥാനത്ത് തുടരുന്നു.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി അംഗോളയിലെ ലുവാണ്ടയിലെത്തി. ആഫ്രിക്കയിലെ അംഗോളയും ബോട്സ്വാനയും സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ രാഷ്ട്രപതിയാണ് ദ്രൗപദി മുർമു. അംഗോള പ്രസിഡന്റ് ജു ലൗറിനുമായി അവർ ഉഭയകക്ഷി ചർച്ച നടത്തും. അംഗോള പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രപതി രാജ്യത്തിന്റെ 50-ാം സ്വാതന്ത്ര്യദിനാഘോഷത്തിലും പങ്കെടുക്കും.

സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ ചൊവ്വാഴ്ച മുതൽ വ്യാഴാഴ്ച വരെ അവർ ബോട്സ്വാന സന്ദർശിക്കും. പ്രസിഡന്റ് ഡുമാ ബോക്കോയുമായി ദ്രൗപദി മുർമു ഉഭയകക്ഷി ചർച്ച നടത്തും. തുടർന്ന് ബോട്സ്വാന നാഷണൽ അസംബ്ലിയേയും അവർ അഭിസംബോധന ചെയ്യും.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ  ഇന്ന് കർണ്ണാടക സന്ദർശിക്കും. ഉപരാഷ്ട്രപതി സ്ഥാനമേറ്റ ശേഷം  ആദ്യമായാണ് അദ്ദേഹം  കർണാടക സന്ദർശിക്കുന്നത്. ഹാസനിൽ ശ്രാവണബലഗോളയിലെ ആചാര്യ ശാന്തി സാഗർ മഹാരാജ് ജിയുടെ അനുസ്മരണ ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

വൈകിട്ട്  മൈസൂരുവിലെ JSS അക്കാദമി ഓഫ് ഹയർ എജുക്കേഷൻ ആൻഡ് റിസർച്ചിലെ പതിനാറാമത് ബിരുദദാനച്ചടങ്ങിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാവും. കർണ്ണാടകയിലെ പ്രശസ്തമായ മഠങ്ങളിലൊന്നായ സുത്തൂർ മഠത്തിന്റെ  പഴയ ആസ്ഥാനമന്ദിരവും ഉപരാഷ്ട്രപതി  സന്ദർശിക്കും. ചാമുണ്ഡേശ്വരി ദേവി ക്ഷേത്രത്തിലും, മണ്ഡ്യ മേൽക്കോട്ടെ ചെലുവനാരായണസ്വാമി ക്ഷേത്രത്തിലും അദ്ദേഹം ദർശനം നടത്തും.

✪✪✪

ഉത്തരാഖണ്ഡ് രൂപീകരണത്തിന്റെ രജതജൂബിലി ആഘോഷ പരിപാടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഡെറാഡൂണിലെത്തും. ജൂബിലി ചടങ്ങിൽ അനുസ്മരണ തപാൽ സ്റ്റാമ്പ് പ്രധാനമന്ത്രി പുറത്തിറക്കും.

ഉത്തരാഖണ്ഡിൽ 8,000 കോടിയിൽപരം രൂപയുടെ വികസന പദ്ധതികൾക്ക് നരേന്ദ്രമോദി തുടക്കം കുറിക്കും. പൂർത്തീകരിച്ച 930 കോടി രൂപയുടെ പദ്ധതികൾ അദ്ദേഹം നാടിന് സമർപ്പിക്കും.

പ്രധാൻമന്ത്രി ഫസൽ ബീമ യോജനയിൽ 28,000 ത്തിലധികം കർഷകർക്ക് 62 കോടി രൂപ പ്രധാനമന്ത്രി നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറും.

✪✪✪

കർണാടകയിലെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടു മോഷണത്തിലൂടെയാണ് കോൺഗ്രസ് അധികാരത്തിൽ വന്നതെന്ന് കേന്ദ്ര മന്ത്രി HD കുമാരസ്വാമി ആരോപിച്ചു. ബെംഗളൂരുവിലെ സാംഗോളി രായണ്ണ റെയിൽവേ സ്റ്റേഷനിൽ കൊച്ചി - ബംഗലൂരു വന്ദേഭാരത് എക്സ്പ്രസിന്റെ സ്വീകരണചടങ്ങിൽ പങ്കെടുക്കാനെത്തിയതായിരുന്നു കുമാരസ്വാമി.

BJPയ്ക്കെതിരെ കർണാടക മുഖ്യമന്ത്രിയും ഉപമുഖ്യമന്ത്രിയും ഉന്നയിക്കുന്ന വോട്ട് മോഷണ ആരോപണം തെറ്റാണെന്നും കുമാരസ്വാമി പറഞ്ഞു.

✪✪✪

സമൂഹത്തിലെ വിഭാഗീയത അവസാനിപ്പിക്കാൻ ചർച്ചകൾക്കും സംഭാഷണങ്ങൾക്കും RSS തുടക്കമിടുമെന്ന് സർസംഘ് ചാലക് മോഹൻ ഭാഗവത് ബംഗലൂരുവിൽ പറഞ്ഞു. RSS-ന്റെ 100 വർഷം ചർച്ചാ പരമ്പരയിൽ പങ്കെടുക്കുകയായിരുന്നു ഭാഗവത്. 1857ലെ ആദ്യ സ്വാതന്ത്ര്യസമര പ്രക്ഷോഭത്തിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഒറ്റക്കെട്ടായി ബ്രിട്ടീഷ് ഭരണത്തിനെതിരെ രംഗത്ത് വന്നു. രണ്ട് മതക്കാരും ഒന്നിച്ചുനിൽക്കുന്നത് ബ്രിട്ടീഷ് ഭരണത്തിന് വെല്ലുവിളിയായി മാറുമെന്ന് തിരിച്ചറിഞ്ഞ അവർ സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കി ഇന്ത്യക്കാരെ മതാടിസ്ഥാനത്തിൽ വേർതിരിക്കുകയായിരുന്നുവെന്ന് ഭാഗവത് പറഞ്ഞു.

✪✪✪

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് ഉഭയകക്ഷി കരാർ ഒപ്പുവെക്കാൻ ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജു ഇന്നലെ സൗദി അറേബ്യയിലെ ജിദ്ദയിലെത്തി. തീർത്ഥാടനത്തിന്റെ മുന്നൊരുക്കങ്ങൾ അദ്ദേഹം അവലോകനം ചെയ്യും. ഹജ്ജ് തീർത്ഥാടനത്തിൽ സഹകരണം മെച്ചപ്പെടുത്താൻ ആവശ്യമായ ചർച്ചകളിൽ പങ്കെടുക്കുമെന്ന് കിരൺ റിജിജു സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് രണ്ടാം ഘട്ടത്തിന്റെ പരസ്യപ്രചാരണം വൈകിട്ട് സമാപിക്കും. ഈ ഘട്ടത്തിൽ 20 ജില്ലകളിലെ 122 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. പ്രചാരണ സമാപനത്തിന്റെ തലേ നാളായ ഇന്നലെ മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ബേട്ടിയ, സീതാമാർഗി എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്തു. മുതിർന്ന നേതാക്കളായ രാജ്നാഥ് സിംഗ്, അമിത് ഷാ, UP മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, NDA യുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥി നിധീഷ് കുമാർ തുടങ്ങിയവരും സംസ്ഥാനത്ത് പലയിടത്തും പ്രചാരണത്തിനെത്തി.

കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധി, സമാജ് വാദി പാർട്ടി പ്രസിഡന്റ് അഖിലേഷ് യാദവ്, വികാസ് ശീൽ ഇൻസാൻ പാർട്ടി നേതാവ് മുകേഷ് സഹാനി, തുടങ്ങിയവരാണ് പ്രതിപക്ഷ സഖ്യത്തിന്റെ പ്രചാരണത്തിന് ഇന്നലെ നേതൃത്വം നൽകിയത്.

✪✪✪

നരേന്ദ്ര മോദി ഗവൺമെന്റ് സെപ്റ്റംബർ 22നു പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെല്ലാവർക്കും ഗുണകരമായി മാറിക്കഴിഞ്ഞു. കരകൗശല മേഖലയിൽ വരുത്തിയ GST- ഇളവിനെ കുറിച്ച് ഒരു റിപ്പോർട്ട്...

........(വോയ്സ്).........

മരം, കല്ല്, ലോഹങ്ങൾ എന്നിവകൊണ്ട് നിർമ്മിച്ച പ്രതിമകളുടെ നികുതി നിരക്ക് ഗവൺമെന്റ് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. പെയിന്റിംഗുകൾ, കൈകൊണ്ട് നിർമ്മിച്ച മെഴുകുതിരികൾ, മരം കൊത്തിയെടുത്ത ഉൽപ്പന്നങ്ങൾ, കളിമണ്ണ് ടെറാക്കോട്ട, അടുക്കള ഉപകരണങ്ങൾ, തുടങ്ങിയ ഇനങ്ങളുടെയും നികുതി 5 ശതമാനമായി കുറച്ചു.

പരുത്തിയും ചണവും കൊണ്ട് നിർമ്മിച്ച ഹാൻഡ്ബാഗുകളുടെയും ഷോപ്പിംഗ് ബാഗുകളുടെയും നികുതിയും 5 ശതമാനമായി കുറച്ചു.

നികുതി നിരക്കിലെ ഗണ്യമായ കുറവ് ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് കൂടുതലായി വാങ്ങാൻ മാത്രമല്ല, ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഇടവരുത്തി.കരകൗശല വസ്തുക്കളുടെ നികുതി കുറച്ചത് വഴി, വരും തലമുറ GST പരിഷ്കാരങ്ങൾ കരകൗശല വിദഗ്ധർക്കും, വ്യാപാരികൾക്കും, ഉപഭോക്താക്കൾക്കും വലിയ ആശ്വാസ മാണ് നൽകിയത്.

✪✪✪

ഇന്ന് ദേശീയ നിയമ സേവന ദിനം. 1987ൽ ലീഗൽ സർവീസസ് അതോറിറ്റി ആക്ട് നിലവിൽ വന്നത് നവംബർ ഒമ്പതിനാണ്. ഈ ദിവസത്തിന്റെ ഓർമ്മപ്പെടുത്തലാണ് ദേശീയ നിയമ സേവന ദിനം. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സൗജന്യ നിയമസഹായം നൽകാനും, നിയമപരമായ അവകാശങ്ങളെക്കുറിച്ച് പൗരന്മാരെ ബോധവത്കരിക്കാനും, തർക്കങ്ങൾ രമ്യമായി പരിഹരിക്കാൻ ലോക് അദാലത്തുകൾ സംഘടിപ്പിക്കാനും വേണ്ടിയാണ് ദിനാചരണം.

✪✪✪

രണ്ടു ദിവസത്തെ UAE സന്ദർശനത്തിന് ഇന്നലെ അബുദാബിയിൽ എത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ UAE മന്ത്രി ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാനുമായി കൂടിക്കാഴ്ച്ച നടത്തി.

വൈകിട്ട് അബുദാബി സിറ്റി ഗോൾഫ് ക്ലബ് മൈതാനത്തിൽ മലയാളോത്സവം സ്വീകരണപരിപാടിയിൽ മുഖ്യമന്ത്രി പങ്കെടുക്കും.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൽ സംസ്ഥാനത്ത് ഇന്നലെ വൈകിട്ട് ആറ് വരെ 47 ലക്ഷത്തോളം വോട്ടർമാർക്ക് എന്യൂമറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ Dr. രത്തൻ U ഖേൽക്കർ അറിയിച്ചു. മൊത്തം വോട്ടർമാരുടെ 16.86 ശതമാനമാണിത്. എന്യൂമറേഷൻ ഫോം വിതരണം പൂർത്തീകരിച്ച 13 BLO-മാരെ വീഡിയോ കോൺഫറൻസിലൂടെ അനുമോദിച്ചതായും അദ്ദേഹം പറഞ്ഞു.

ഓൺലൈനായി എന്യൂമറേഷൻഫോം സമർപ്പിക്കാൻ സംവിധാനം പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനം വോട്ടർമാർ പരമാവധി പ്രയോജനപ്പെടുത്തണമെന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അഭ്യർത്ഥിച്ചു.

✪✪✪

ഇന്ന് മുൻ രാഷ്ട്രപതി KR നാരായണന്റെ ഇരുപതാം ചരമവാർഷിക ദിനം ആചരിക്കും. ദിനാചരണത്തിന്റെ ഭാഗമായി രാവിലെ നിയമസഭാ സമുച്ചയത്തിലെ അദ്ദേഹത്തിന്റെ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തും.

✪✪✪

ഇന്നലെ തിരുവനന്തപുരത്ത് അന്തരിച്ച മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ MR രഘുചന്ദ്രബാലിന്റെ സംസ്കാരം വൈകിട്ട് കാഞ്ഞിരംകുളത്തെ കുടുംബവീട്ടുവളപ്പിൽ നടത്തും. ഭൗതികശരീരം രാവിലെ DCC ഓഫീസിലും തുടർന്ന് കാഞ്ഞിരംകുളം ദൃശ്യ ഓഡിറ്റോറിയത്തിലും പൊതുദർശനത്തിന് വയ്ക്കും.

രഘുചന്ദ്രബാലിന്റെ നിര്യാണത്തിൽ നിയമസഭാ സ്പീക്കർ AN ഷംസീർ അനുശോചിച്ചു.

✪✪✪

തൃശൂർ കുതിരാനിൽ കാട്ടാന ആക്രമണമുണ്ടായ പ്രദേശം മന്ത്രി K രാജനും മുതിർന്ന ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സന്ദർശിച്ചു. ജനവാസ മേഖലയിലേക്ക് തുടർച്ചയായി കാട്ടാന ഇറങ്ങുകയും വനം വകുപ്പിന്റെ ജീപ്പ് തകർക്കുകയും ചെയ്തിരുന്നു.

✪✪✪

പാലക്കാട് കാടാംകോട് കനാൽ പാലത്തിന് സമീപം ഇന്നലെ രാത്രി നിയന്ത്രണം വിട്ട കാർ മരത്തിലിടിച്ച് മറിഞ്ഞ് മൂന്ന് യുവാക്കൾ മരിച്ചു. മൂന്ന് പേർക്ക് പരിക്കേറ്റു. പാലക്കാട് സ്വദേശികളായ രോഹൻരഞ്ജിത്, രോഹൻ സന്തോഷ്, സനൂജ് എന്നിവരാണ് മരിച്ചത്. ചിറ്റൂരിൽ നിന്ന് പാലക്കാട്ടേക്ക്

വരികയായിരുന്നവരാണ് അപകടത്തിൽ പെട്ടത്. കാട്ടുപന്നി കുറുകെ ചാടിയതാണ് അപകടത്തിന് കാരണമായതെന്ന് കരുതുന്നതായി പൊലീസ് അറിയിച്ചു.

✪✪✪

അട്ടപ്പാടിയിൽ പണി തീരാത്ത വീടിന്റെ സ്ലാബ് ഇടിഞ്ഞു വീണ് സഹോദരങ്ങളായ രണ്ട് കുട്ടികൾ മരിച്ചു. അട്ടപ്പാടി കരുവാര ഊരിലെ ഏഴും നാലും വയസ്സുകാരായ ആദി, അജ്നേഷ് എന്നിവരാണ് മരിച്ചത്. ഇവരുടെ ബന്ധു ആറ് വയസ്സുകാരി അഭിനയക്ക് ഗുരുതരമായി പരിക്കേറ്റു. ആൾതാമസമില്ലാത്ത വീട്ടിൽ കളിക്കുന്നതിനിടെ ഇന്നലെ വൈകിട്ടായിരുന്നു അപകടം.

✪✪✪

പാലക്കാട് പുരോഗമിക്കുന്ന സംസ്ഥാന ശാസ്ത്രോത്സവത്തിൽ 86 മത്സര ഇനങ്ങൾ പൂർത്തി യായപ്പോൾ 386 പോയിന്റുമായി മലപ്പുറം ജില്ലാ ഒന്നാം സ്ഥാനത്ത് തുടരുന്നു.

കണ്ണൂരും കോഴിക്കോടുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ശാസ്ത്രോത്സവം നാളെ സമാപിക്കും.

✪✪✪

കേരളത്തിലെ മാധ്യമ പ്രവർത്തകരുടെ ക്ഷേമ കാര്യങ്ങളിൽ അനുഭാവ പൂർവ്വമായ പരിഗണന സംസ്ഥാന ഗവൺമെന്റിൽ നിന്ന് ഉണ്ടാകുമെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു.

പത്തനംതിട്ടയിൽ കേരള പത്രപ്രവർത്തകയൂണിയൻ 61-ാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പത്ര, ദൃശ്യമാധ്യമങ്ങൾ നിലനിർത്തേണ്ടത് ജനാധിപത്യ ഗവൺമെന്റിന്റെ ചുമതലയാണെന്നും മന്ത്രി പറഞ്ഞു.

KUWJ സംസ്ഥാന പ്രസിഡന്റ് KP. റെജി , ജനറൽ സെക്രട്ടറി സുരേഷ് എടപ്പാൾ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

✪✪✪

പശ്ചാത്തല വികസന മേഖലയിൽ ഒമ്പത് വർഷം കൊണ്ട് 33,101 കോടി രൂപ ഗവൺമെന്റ് ചെലവഴിച്ചതായി മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. കോഴിക്കോട് ജില്ലയിലെ മണാശ്ശേരി-കൊടിയത്തൂർ-ചുള്ളിക്കാപറമ്പ് റോഡിന്റെ നിർമാണം പൂർത്തിയായ ആദ്യഘട്ടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

തിരുവനന്തപുരത്ത് രഞ്ജി ട്രോഫി ക്രിക്കറ്റിൽ ആദ്യ ദിവസത്തെ കളിയവസാനിക്കുമ്പോൾ കേരളം സൗരാഷ്ട്രയ്ക്കെതിര രണ്ട് വിക്കറ്റ് നഷ്ടത്തിൽ 82 റൺസെടുത്തു. നേരത്തെ സൗരാഷ്ട്രയെ കേരളം 160 റൺസിന് പുറത്താക്കി. കേരളത്തിന്റെ MD നിധീഷ് ആറ് വിക്കറ്റ് വീഴ്ത്തി.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ,*
*NRTs: ശ്രീജി,*
*DEO : സി കെ സുബോധ്*